(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കൈത്തറി തുണികൾ കയറ്റി അയയ്ക്കാൻ നടപടി

1 [3512] *ശ്രീ. സി. പി. മുഹമ്മദ്:*
„ *ലൂഡി ലൂയിസ്:*
„ *ബി. വിജയകുമാർ:*
„ *പി. ടി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഓണത്തിനുമുമ്പ് എന്തു വിലയ്ക്കുള്ള കൈത്തറി തുണികൾ അപ്പക്സ് സംഘങ്ങളിലും മറ്റു സംഘങ്ങളിലുമായി കെട്ടിക്കിടന്നിരുന്നു;

(ബി) ഇപ്പോൾ എന്തുവിലയ്ക്കുള്ള കൈത്തറി തുണികൾ ഈ സംഘങ്ങളിൽ കെട്ടിക്കിടപ്പുണ്ട്;

(സി) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കൈത്തറി തുണികൾ കയറ്റുമതി ചെയ്യുന്നതിന് എന്തെല്ലാം നടപടികളെടുത്തുവെന്ന് വ്യക്തമാക്കുമോ;

(ഡി) കൈത്തറി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന തുണി കയറ്റി അയയ്ക്കാൻ ഇക്കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കഴിഞ്ഞിട്ടുണ്ടോ;

(ഇ) ഒരു പരമ്പരാഗത വ്യവസായമെന്ന നിലയിൽ കൈത്തറിരംഗത്തെ വികസനത്തിനായി എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ ഓണത്തിനുമുമ്പ് ഹാന്റക്സിൽ 24.61 കോടി രൂപയുടെയും ഹാൻവീവിൽ 18 കോടി രൂപയുടെയും, കണ്ണൂർ, തിരുവനന്തപുരം ജില്ലകൾ ഒഴികെ സംസ്ഥാനത്തെ മറ്റു ജില്ലകളിലെ വിവിധ കൈത്തറി സഹകരണ സംഘങ്ങളിലായി 12.28 കോടി രൂപയുടെയും കൈത്തറി തുണികൾ സ്റ്റോക്കുണ്ടായിരുന്നു. കണ്ണൂർ, തിരുവനന്തപുരം ജില്ലകളുടെ സ്റ്റോക്ക് വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇപ്പോൾ ഹാന്റക്സിൽ 28 കോടി രൂപയുടെയും, ഹാൻവീവിൽ 16 കോടി രൂപയുടെയും തുണികൾ സ്റ്റോക്കുണ്ട്. കൂടാതെ കണ്ണൂർ, തിരുവനന്തപുരം ജില്ലകൾ ഒഴികെയുള്ള കൈത്തറി സഹകരണ സംഘങ്ങളിലായി 12.02 കോടി രൂപയുടെ കൈത്തറി തുണി സ്റ്റോക്കുണ്ട്. കണ്ണൂർ, തിരുവനന്തപുരം ജില്ലകളുടെ സ്റ്റോക്ക് വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കൈത്തറി സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങൾ സംഘങ്ങൾ നേരിട്ടും ഹാന്റ്ക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾ വഴിയുമാണ് കയറ്റുമതി ചെയ്യുന്നത്. സംഘങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി കയറ്റുമതി വരവിന്റെ 20% നിരക്കിൽ കയറ്റുമതി പ്രോത്സാഹനം നൽകിവരുന്നു. അന്താരാഷ്ട്ര പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് ഹാന്റ്ക്സിനും, ഹാൻവീവിനും 5 ലക്ഷം രൂപ ധനസഹായവും നേരിട്ട് കയറ്റുമതി നടത്താൻ സഹകരണ സംഘങ്ങളെ പ്രാപ്തരാക്കുന്നതിന് ധനസഹായവും നൽകിവരുന്നു. എൻ.ഐ.എഫ്.റ്റി., എൻ.ഐ.ഡി. എന്നീ ഏജൻസികളുടെ സഹായത്തോടെ ഉൽപ്പന്ന വികസനം, വാണിജ്യ മുദ്ര വികസനം, അന്താരാഷ്ട്ര വാണിജ്യ പരിപാടികളിലെ പങ്കാളിത്തം, ഗുണനിലവാര പരിശോധനശാലകൾ സ്ഥാപിക്കൽ, മൂല്യ വർദ്ധന യൂണിറ്റുകൾ സ്ഥാപിക്കൽ എന്നിവ ഉൾക്കൊള്ളുന്ന പ്രോജക്ടുകൾക്കായി 75% കേന്ദ്ര സഹായത്തോടെ 'കയറ്റുമതി ഉൽപ്പന്ന വികസന വിപണന പദ്ധതി' (ഡി.ഇ.പി.എം.) നടപ്പിലാക്കിവരുന്നു.

(ഡി) ഉണ്ട്.

(ഇ) ഒരു പരമ്പരാഗത വ്യവസായമെന്ന നിലയിൽ കൈത്തറി മേഖലയുടെ പുരോഗതിക്കായി ധാരാളം പദ്ധതികൾ നടപ്പാക്കിവരുന്നു. കൈത്തറി സഹകരണ സംഘങ്ങളിൽ സർക്കാർ ഓഹരി പങ്കാളിത്തം, വിപണനകയറ്റുമതി പ്രോത്സാഹന പദ്ധതി, പരിശീലന വൈദഗ്ദ്ധ്യ വികസനപരിപാടി, നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ, ഹാന്റ്ക്സ്, ഹാൻവീവ് എന്നീ അപ്പക്സ് സംഘങ്ങളിൽ സർക്കാർ ഓഹരി പങ്കാളിത്തം, ഹാന്റ്ക്സിന്റെയും, ഹാൻവീവിന്റെയും ആവശ്യാധിഷ്ഠിത ഉൽപ്പാദന പരിപാടി, ഫാക്ടറി മാതൃക സംഘങ്ങളുടെ ആധുനിക വൽക്കരണം, ഉൽപ്പന്ന വികസന വൈദഗ്ദ്ധ്യ ഉന്നമനപദ്ധതി, കലാപരമായ കൈത്തറി ഉൽപ്പന്നങ്ങളുടെ വിപുലീകരണം, കൈത്തറി മേഖലയിലെ വ്യവസായ സംരംഭകർക്ക് വിത്ത്, മൂലധന വായ്പ എന്നീ സംസ്ഥാന പദ്ധതികളും, ദീൻദയാൽ കൈത്തറി വികസനപദ്ധതി, കയറ്റുമതി ഉൽപ്പന്ന വികസന വിപണനപദ്ധതി (ഡി.ഇ.പി.എം.), അംശദാന സമ്പാദ്യപദ്ധതി, പണിശാലയോടുകൂടിയ ഭവനങ്ങളുടെ നിർമ്മാണം, ഹെൽത്ത് പാക്കേജ് സ്കീം, എൻഹോഴ്സ്മെന്റ് മെഷിനറി, ഇൻഷ്വറൻസ് പദ്ധതി എന്നീ കേന്ദ്ര പദ്ധതികളും നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly